മലയാളവിഭാഗം

# DEPARTMENT OF MALAYALAM

കേരളസർവകലാശാല

# UNIVERSITY OF KERALA

മലയാളം എം.ഫിൽ പ്രോഗ്രാം
സിലബസ്സ്

## M.Phil. Programme in Malayalam
## Syllabus

**(Under Credit and Semester System w.e.f. 2016 Admission)**

# DEPARTMENT OF MALAYALAM
# UNIVERSITY OF KERALA

## എം.ഫിൽ. പ്രോഗ്രാം – മലയാളം
## M.Phil PROGRAMME IN MALAYALAM

### പ്രോഗ്രാം ഒബ്ജക്ടീവ്സ് (Programme Objectives)

1. സൈദ്ധാന്തികമായ ഉൾക്കാഴ്ചയോടെ ഗവേഷണാത്മകവും രീതിശാസ്ത്രബദ്ധവുമായ പഠനവും രചനയും പരിശീലിക്കുക.

2. ഉന്നത വിദ്യാഭ്യാസമണ്ഡലത്തിലെ ജ്ഞാനനിർമ്മിതിയുടെയും വിതരണത്തിന്റെയും പ്രക്രിയയിൽ ഗവേഷണാഭിരുചിയോടെയും അദ്ധ്യാപനാഭിരുചിയോടെയും ഇടപെടാനുള്ള ശേഷി വികസിപ്പിക്കുക.

3. അന്തർവൈജ്ഞാനികമായ ഗവേഷണവൈദഗ്ദ്ധ്യം വികസിപ്പിക്കുക.

4. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രപരവും സൈദ്ധ്യാന്തികവുമായ സൂക്ഷ്മവിശകലനം സാദ്ധ്യമാക്കുക.

5. സാഹിത്യവിജ്ഞാനീയത്തിന്റെ അന്തർദേശീയവും താരതമ്യാത്മകവുമായ വികാസപരിണാമങ്ങൾ പരിചയപ്പെടുത്തുക.

6. ഭാഷാസാഹിത്യസംവാദങ്ങളിലൂടെ സാംസ്കാരികവും വിമർശനാത്മകവുമായ പ്രതികരണക്ഷമത വികസിപ്പിക്കുക.

## പ്രോഗ്രാം ഘടന

# (Structure of the Programme)

| Semester | Course code | Course Name | No. of Credits |
|---|---|---|---|
| I | MAL. 711 | ഗവേഷണരീതിശാസ്ത്രം (Research Methodology) | 4 |
| | MAL. 712 | സാഹിത്യദർശനങ്ങൾ (Literary theories) | 4 |
| | MAL. 713 | താരതമ്യസാഹിത്യസിദ്ധാന്തം (Theory of Comparative Literature) | 4 |
| II | MAL. 721 | Dissertation | 20 |
| | | Total Credits | 32 |

**Progrmme : M.Phil.**

**Semester : I**

**Course Code : MAL – 711**

**CourseTitle : ഗവേഷണരീതിശാസ്ത്രം (Research Methodology)**

**Credits : 4**

**പഠനലക്ഷ്യം (Aim of the Course) :**

മാനവികവിഷയങ്ങളിൽ നടക്കേ ഗവേഷണങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുക, ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മണ്ഡലങ്ങളിൽ ഗവേഷണതാല്പര്യമുള്ളവരെ വളർത്തിയെടുക്കുക, ഈ മേഖലയിൽ മികച്ച ഗവേഷണങ്ങൾ രൂപപ്പെടുത്തുക, ഗവേഷണപ്രവർത്തനങ്ങളിൽ അവംലംബിക്കേ കുറ്റമറ്റ രീതിശാസ്ത്രത്തെക്കുറിച്ചുള്ള അവബോധം വളർത്തുക, സാഹിത്യാദി സാംസ്കാരികരൂപങ്ങളുടെ പുതിയ വിശകലനരീതികൾ പരിചയപ്പെടുത്തുക,

**പഠനവസ്തുതകൾ (Objectives) :**

1. ഗവേഷണപഠനങ്ങളുടെ പ്രസക്തി, പ്രാധാന്യം, ചരിത്രം എന്നിവ മനസ്സിലാക്കുക.
2. ഭാഷ, സാഹിത്യം എന്നീ മണ്ഡലങ്ങളിലെ ഗവേഷണങ്ങളുടെ വിവിധ സമീപനങ്ങൾ മനസ്സിലാക്കുക.
3. സാഹിത്യവുമായി ബന്ധപ്പെട്ട മേഖലകളെ ചേർത്തുവച്ചുള്ള പഠനത്തിന്റെ കാഴ്ചപ്പാടുകൾ വികസിപ്പിക്കുക.
4. സാഹിത്യപഠനത്തിന്റെ അന്തർവൈജ്ഞാനികമാനങ്ങൾ, അവയുടെ പ്രയോഗസമീപനങ്ങൾ എന്നിവ വികസിപ്പിക്കുക.
5. പ്രബന്ധരചനയുടെ സാങ്കേതിക വശങ്ങൾ പരിചയപ്പെടുക.
6. സിനിമപോലുള്ള സാംസ്കരികരൂപങ്ങളുമായി ബന്ധപ്പെട്ട രീതിശാസ്ത്രം മനസ്സിലാക്കുന്നതിലൂടെ അത്തരം വിഷയങ്ങളിലുള്ള ഗവേഷണതാല്പര്യം വളർത്തുക.

**മൊഡ്യൂൾ 1**

ഗവേഷണം (Research) - പദനിഷ്പത്തി, ഗവേഷണത്തിനാവശ്യമായ മാനസിക സജ്ജീകരണം, ഗവേഷണത്തിനായൊരുങ്ങുമ്പോൾ വീക്ഷണത്തിൽ ആവശ്യമായ ശ്രദ്ധ, കാണുക, നോക്കുക, നിരീക്ഷിക്കുക തുടങ്ങിയ സമീപനങ്ങളിലെ വ്യത്യാസം. ഭാഷാസാഹിത്യഗവേഷണത്തിന്റെ സവിശേഷതകൾ - ശാസ്ത്രഗവേഷണവും ഭാഷാസാഹിത്യഗവേഷണവും തമ്മിലുള്ള വ്യത്യാസം - ഭാഷാസാഹിത്യഗവേഷണത്തിന്റെ വിശകലനത്തിലും അവതരണത്തിലും ശ്രദ്ധിക്കേ പ്രാഥമിക കാര്യങ്ങൾ. ആശയവിനിമയത്തിലും സ്വീകരണത്തിലും ശാസ്ത്ര സാങ്കേതികവിഷയങ്ങളിൽ നിന്നും ഭാഷാസാഹിത്യ വിഷയങ്ങൾ വ്യതിരിക്തമാകുന്ന വിധം - ആ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഭാഷാസാഹിത്യവിഷയങ്ങൾക്ക് സവിശേഷമായി നൽകേ ശ്രദ്ധ.

മലയാളഗവേഷണത്തിന്റെ ചരിത്രം, സമീപനത്തിലെ സ്വഭാവസവിശേഷതകൾ, അതതുകാലത്തെ പ്രസക്തി- ഭാഷാസാഹിത്യഗവേഷണത്തിൽ സംഭാവന നൽകിയ സ്ഥാപനങ്ങൾ, ഇപ്പോൾ ഗവേഷണത്തിൽ സജീവമായുള്ള സ്ഥാപനങ്ങൾ. ഭാഷാസാഹിത്യഗവേഷണത്തിലെ വിശകലന രീതികൾ- സർവേരീതി , താരതമ്യരീതി, അപഗ്രഥനരീതി, ഭാഷയുടെസാംസ്കാരിക പശ്ചാത്തലത്തെ മുൻനിർത്തിയുള്ള അപഗ്രഥനരീതി, ഭാഷയും അധികാരവ്യവസ്ഥയുമായുള്ള ബന്ധത്തെ മുനിർത്തിയുള്ള വിശകലനം - പ്രസ്ഥാനാപഗ്രഥനം - സാഹിത്യപരിണാമവും സ്വഭാവരൂപീകരണവും : വിശകലനം, കാലം ഭാഷയിലും സാഹിത്യത്തിലും നടത്തുന്ന ഇടപെടലുകളുടെ വിശകലനം.

**മൊഡ്യൂൾ 2**

ഗവേഷണപ്രബന്ധഘടനയിലെ വ്യത്യസ്തതകൾ - എം.എ.റിസേർച്ച് പേപ്പർ. എം.ഫിൽ ഡസർട്ടേഷൻ, പിഎച്ച്.ഡി.തിസീസ് എന്നിവയുടെ ഘടനാപരവും രചനാപരവുമായ വ്യത്യാസം. വിഷയസ്വീകരണം, ഗവേഷണവിഷയം, ഗവേഷണമേഖല, ഗവേഷണപരിധി, താല്പര്യങ്ങളും മുൻഗണനകളും, പ്രാധാന്യവും പ്രസക്തിയും, മുൻകാലപഠനങ്ങൾ, ആകരസാമഗ്രികൾ.
സിനോപ്സിസ് തയ്യാറാക്കൽ (research proposal) - പൊതുവിവരങ്ങൾ- തലക്കെട്ട് സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ -ആമുഖം -വിഷയം എന്താണ്, ഈ വിഷയം എന്തുകൊ ്, വിഷയസമീപനം തുടങ്ങിയകാര്യങ്ങൾ - മുൻകാലപഠനങ്ങൾ- അധ്യായവിഭജനം - സമയപരിധി.
പ്രബന്ധശരീരം- പൊതുവിവരങ്ങൾ- പ്രഥമപുറം (title page), സാക്ഷ്യപത്രം (declaration), ഉള്ളടക്കസൂചിക (table of contents), പട്ടികാസൂചിക (list of tables) ആമുഖം, അധ്യായരൂപരേഖ–ശീർഷകം(heading) – ഉപശീർഷകം (subheading) -ഖണ്ഡിക (paragraph), ഉദ്ധരണികൾ (the use of quotations), ഉപസംഹാരം. അടിക്കുറിപ്പുകൾ/പിൻകുറിപ്പുകൾ (Footnotes/ endnotes), ഗ്രന്ഥസൂചി. റഫറൻസ് നൽകൽ – പുസ്തകസൂചകങ്ങൾ – ജേണൽലേഖനങ്ങൾ – എഡിറ്റഡ് പുസ്തകങ്ങളിലെ ലേഖനങ്ങൾ - പുസ്തകങ്ങളിലെ ഉദ്ധരണികൾ- വിവർത്തനങ്ങൾ- പബ്ലിക്കേഷൻലഭ്യമല്ലാത്തവ - ഒന്നിലധികം ആളുകൾഎഴുതിയവ – സെമിനാർ പ്രൊസീഡിംഗ്സ്- പ്രസിദ്ധീകരിച്ചിട്ടില്ലാത്ത പഠനങ്ങൾ – ഇലക്ട്രോണിക്സ് സ്രോതസ്സുകൾ – ഓൺലൈൻ സ്രോതസ്സുകൾ – ചുരുക്കെഴുത്തുകൾ, ഗ്രന്ഥസൂചി – അക്ഷരമാലാക്രമം, കാലാനുക്രമം, അനുബന്ധങ്ങൾ, പ്ലേജിയറിസം - പ്രശ്നങ്ങളും കരുതലും

**മൊഡ്യൂൾ 3.** സിനിമാപഠനത്തിന്റെ രീതിശാസ്ത്രം

മലയാളത്തിലെ സിനിമാപഠനത്തിന്റെ ചരിത്രം- സിനിമ, തിരക്കഥ എന്നിവയുടെ നിരീക്ഷണം, തിരക്കഥാകൃത്തും സംവിധായകനും -തിരക്കഥാപഠനവും സിനിമാപഠനവും- സിനിമാപഠനത്തിൽ കോഗൈഡ് ആവശ്യമാകുന്നു േ ാ - തിരക്കഥാഭാഷയും ദൃശ്യഭാഷയും തമ്മിലുള്ള ബന്ധവും ബന്ധമില്ലായ്മയും - വായനയും കാഴ്ചയും തമ്മിലുള്ള വ്യത്യാസം- കാഴ്ചയിലെ വിഭിന്നതലങ്ങൾ എങ്ങനെ -സിനിമാപഠനത്തിന്റെ വിവിധമേഖലകൾ.(സിനിമാപഠനത്തിന്റെ നവദിശകൾ–സി. എസ് വെങ്കിടേശ്വരൻ, സിനിമാപഠനത്തിന്റെ സൈദ്ധാന്തികപരിസരം– ഹരിപ്രസാദ് അത്താണിക്കൽ, മലയാളസിനിമാപഠനത്തിനൊരാമുഖം– മുരളീധരൻ തറയിൽ, അനുവർത്തനത്തിന്റെ അന്തർസാംസ്കാരികസംവാദം– ഗീതാ വിശ്വനാഥ് എന്നീ ലേഖനങ്ങൾ ആമുഖമായി ചർച്ച ചെയ്യേ താണ്.)

**മൊഡ്യൂൾ 4.** സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം

സംസ്കാരപഠനം എന്നാലെന്ത്? സംസ്കാരപഠനത്തിന്റെ ചരിത്രം, സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം, അതിന്റെ പ്രസക്തി. സംസ്കാരപഠനത്തിന്റെ അന്വേഷണമേഖലകൾ, സാധ്യതകൾ, സൈദ്ധാന്തികതലങ്ങൾ.( സംസ്കാരപഠനങ്ങൾ എന്താണ് ചെയ്യുന്നത്– നിസാർ അഹമ്മദ്, അന്തർവൈജ്ഞാനികതയും സംസ്കാരപഠനവും– സുനിൽ പി.ഇളയിടം, സംസ്കാരപഠനം പ്രസക്തി, സാധ്യത,വെല്ലുവിളി– സ്കറിയ സക്കറിയ എന്നീ ലേഖനങ്ങൾ ആമുഖമായി ചർച്ചചെയ്യേ താണ്.)

**മൊഡ്യൂൾ 5.** ഭാഷാവ്യാകരണപഠനത്തിന്റെ രീതിശാസ്ത്രം

മലയാളത്തിലെ ഭാഷാവ്യാകരണഗവേഷണത്തിന്റെ ചരിത്രം - ആദ്യകാലഭാഷാ വ്യാകരണ ഗവേഷണസമീപനം- ആദ്യകാല ഗവേഷണപ്രബന്ധങ്ങൾ, ഭാഷാവ്യാകരണപഠനം, സാഹിത്യപഠനത്തിൽനിന്ന് സമീപനത്തിലും രചനയിലും എങ്ങനെയെല്ലാം വ്യത്യസ്തമാകുന്നു? ഭാഷാ വ്യാകരണ വിഷയങ്ങൾ സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ, ഭാഷാവ്യാകരണപഠനത്തിനുള്ള സാധ്യതകൾ, ഭാഷാവ്യാകരണപഠനത്തിനുള്ള രീതിശാസ്ത്രം. ഏകകാലികം, ബഹുകാലികം, ചരിത്രാത്മകം,വിവരണാത്മകം, താരതമ്യാത്മകം തുടങ്ങിയ സമീപനരീതികൾ.

## സഹായകഗ്രന്ഥങ്ങൾ, ആനുകാലികങ്ങൾ


1. സാഹിത്യഗവേഷണം : പ്രബന്ധരചനയുടെ തത്ത്വങ്ങൾ, ചാത്തനാത്ത് അച്യുതനുണ്ണി, വള്ളത്തോൾ വിദ്യാപീഠം, 1982.
2. ഗവേഷണപദ്ധതി, കെ.എം.പ്രഭാകരവാരിയർ, വള്ളത്തോൾ വിദ്യാപീഠം, 1980.
3. ഗവേഷണപ്രവേശിക, എം.വി.വിഷ്ണുനമ്പൂതിരി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001.
4. ഗവേഷണരീതിശാസ്ത്രം, നടുവട്ടം ഗോപാലകൃഷ്ണൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.
5. ഗവേഷണത്തിന്റെ പ്രശ്നങ്ങൾ, കേരള സർവകലാശാല, 1976.
6. ഗവേഷണപ്രതിഭ, ഡി.സി.ബുക്സ്, 1994 (ഡോ.കെ.എം.ജോർജ് അശീതിസ്മരണിക)
7. മലയാളഗവേഷണം സർവകലാശാലകളിൽ, എസ്.കൃഷ്ണകുമാർ, ധ്വനി പബ്ലിക്കേഷൻസ്,1996.
8. .ഭാഷാസാഹിതി 96-100, മലയാളവിഭാഗം, കേരളസർവകലാശാല.
9. MLA Hand book for writers of Research papers - 8th Edition, 2017
10. Film Studies an Introduction, Columbia University press, 2013.
11. Doing Research in Cultural Studies, Panla Sukko, Sage Publications, 2003
12. How To Read A Film, James Monaco, Oxford University Press, 1997.
13. Film Studies The Basics, Amy Villariejo, Routledge, 2007.
14. Research Methods on Cultural Studies, Michal Pickering(ed), Edinborough, University Press, 2008
15. Research Practices for Cultural Studies, Ann Gray, Sage Publications, 2003

**Progrmme : M.Phil.**

**Semester : I**

**Course Code : MAL – 712**

**Course Title : സാഹിത്യദർശനങ്ങൾ**

**Credits : 4**

**പഠനലക്ഷ്യം (Aim of the Course) :**

സംസ്കാരപഠനത്തിന്റെ പുതിയ കാഴ്ചപ്പാടിൽ സാഹിത്യദർശനങ്ങളെ അടുത്തറിയുകയും പ്രായോഗികധാരണ രൂപപ്പെടുത്തുകയും ചെയ്യുക.

**പഠനവസ്തുതകൾ (Objectives) :**

പൗരസ്ത്യം/പാശ്ചാത്യം എന്ന ദ്വന്ദ്വാത്മകതയെ വൈരുദ്ധ്യാത്മകമായി സമീപിച്ചുകൊ ് സാഹിത്യദർശനങ്ങളെ സമീപിക്കാനാകുന്നു. സാഹിത്യചിന്തകളുടെ സൂക്ഷ്മമായ വിപുലീകരണത്തിന് സംസ്കാരപഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. നിർദ്ധാരണം എന്നത് അപനിർമ്മാണാത്മകമായ ധൈഷണികതയുടെ രൂപപ്പെടലും പുതിയമേഖലകളെ കെ ത്താനുള്ള പ്രായോഗികസന്ദർഭങ്ങളുടെ കെ ത്തലുമായി മാറുന്നു.

**മൊഡ്യൂൾ–1.**

- പൗരസ്ത്യസാഹിത്യദർശനങ്ങളിലെ ഭാരതീയമായ കൈവഴികൾ : സാംസ്കാരികവും സൗന്ദര്യശാസ്ത്രപരവുമായ വിശകലനം.
- തിണകൾ – പൊരുളതികാരം – നാട്ടുലാവണ്യസിദ്ധാന്തങ്ങൾ
- ഭരതനും അരിസ്റ്റോട്ടിലും – താരതമ്യം

**മൊഡ്യൂൾ–2.**

ഭാരതീയസാഹിത്യചിന്തയുടെ വിമർശനപദവി – ഭാരതീയസാഹിത്യതത്ത്വചിന്തയ്ക്ക് ഒരു വിമർശന പാരമ്പര്യം രൂപപ്പെടുത്തിയെടുക്കാനായില്ല എന്ന ആക്ഷേപത്തിന്റെ പ്രസക്തി. ധ്വനി, വക്രോക്തി, ഔചിത്യം, രീതി, അലങ്കാരം എന്നിവയെ സാമാന്യമായി വിലയിരുത്തിക്കൊ ുള്ള അവലോകനം.

**മൊഡ്യൂൾ–3.**

- ആധുനികത ഉത്തരാധുനികത, കോളനീകരണം – അപകോളനീകരണം,
- ഘടനാവാദം – ഫെർഡിനാന്റ് ഡി സൊസ്സ്യൂർ, റോമൻ യാക്കോബ്സൺ, ഴാക്ക്‌ലക്കാൻ, ലെവിസ്ട്രോസ്.
- ഘടനാവാദാനന്തരം : മിഷേൽ ഫൂക്കോ, ഴാക്ക് ദറീദ, ലൂയിസ് അൽത്തൂസർ, റൊളാങ് ബാർത്ത്.

**മൊഡ്യൂൾ–4.**

സ്ത്രീവാദം – സ്ത്രീവാദപഠനപദ്ധതികളുടെ വിവിധ മുഖങ്ങൾ, പാശ്ചാത്യപൗരസ്ത്യസാഹിത്യങ്ങളിലെ സ്ഥാപനവത്ക്കരിക്കപ്പെട്ട സ്ത്രീസ്വത്വസങ്കല്പങ്ങളുടെ വിമർശനാത്മകസമീപനം, ഫെമിനിസം, പെണ്മ (femaleness) പെണ്ണത്തം (feminity) എന്നിവയുടെ അർത്ഥഭേദനിർണ്ണയനം. സൈദ്ധാന്തിക സമീപനങ്ങൾ – വെർജീനിയാ വുൾഫ്, സിമോൺ ഡി ബുവ്വ, കേറ്റ്മില്ലറ്റ്, ഗായത്രി സ്പിവാക്ക്, ജൂലിയാ ക്രിസ്റ്റേവ, സാന്ദ്രാ ഹാർഡിങ് – സാമാന്യപരിചയം.

**മൊഡ്യൂൾ–5.**

സിദ്ധാന്തങ്ങളുടെ അന്ത്യം.(End of the Literary theories) – സ്റ്റെയ്ൻ ഓൾസെൻ (SteinOlsen)

## സഹായകഗ്രന്ഥങ്ങൾ, ആനുകാലികങ്ങൾ


1. ഡോ.കെ.അയ്യപ്പപ്പണിക്കർ, ഇന്ത്യൻസാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1998, (14–16 വരെയുള്ള അധ്യായങ്ങൾ.)
2. ഡോ.എം.ആർ.രാഘവവാര്യർ, വടക്കൻപാട്ടുകളുടെ പണിയാല, വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ
3. വിജയകുമാർ മേനോൻ, ദൈവത്തായ്, നാട്ടറിവുപഠനകേന്ദ്രം, 2004.
4.. ഡോ.സി.ആർ.രാജഗോപാലൻ 'താമൊഴികാവ്യബോധം' സാഹിത്യലോകം. പു.37, ല.1, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 2010, പേജ്.25–4.
5. നാട്ടുസൗന്ദര്യവഴി (പലർ) സാഹിത്യലോകം, കേരളസാഹിത്യഅക്കാദമി, തൃശൂർ
6. ഡോ.സി.ആർ.രാജഗോപാലൻ, കാവേറ്റം, നാട്ടറിവുപഠനകേന്ദ്രം, തൃശൂർ 2004, (ആദിവാസിസൗന്ദര്യശാസ്ത്രം, നാടൻപാട്ടുകളുടെഗോത്രസൗന്ദര്യംഎന്നീലേഖനങ്ങൾ).
7. ഫെമിനിസം, (എഡി.)എൻ.ജയകൃഷ്ണൻ, കേരളഭാഷാ ഇൻസ്റ്റിറ്റൂട്ട്, 2004.
8. പെണ്ണെഴുത്ത്, (എഡി.) എൻ.ജയകൃഷ്ണൻ, കേരളഭാഷാ ഇൻസ്റ്റിറ്റൂട്ട്, 2001.
9. സ്ത്രീവാദം, ജെ.ദേവിക, ഡി.സി.ബുക്സ്, 2000.
10. സ്ത്രീസ്വത്വാവിഷ്ക്കാരം – മലയാളസാഹിത്യത്തിൽ, ഡോ.എം.ലീലാവതി, കേരളസാഹിത്യ അക്കാദമി, 2006.
11. ആധുനികാനന്തര സാഹിത്യസമീപനങ്ങൾ, സി.ജെ.ജോർജ്ജ്,
12. ആധുനികോത്തരതയുടെകേരളീയപരിസരം, പി.കെ.പോക്കർ, ചിന്ത പബ്ലിഷേഴ്സ്, 1999.
13. മിഷേൽ ഫൂക്കോ, വർത്തമാനത്തിന്റെ ചരിത്രം, പി.പി.രവീന്ദ്രൻ, കേരളഭാഷാ ഇൻസ്റ്റിറ്റൂട്ട്, 2000
14. ആധുനികോത്തരത : വികലനവും വിമർശനവും, വി.സി.ശ്രീജൻ, എസ്.പി.സി.എസ്,1998
15. ഭാവുകത്വം – 21–ാം നൂറ്റാ ൽ, ജി.മധുസൂദനൻ, കറന്റ് ബുക്സ്, കോട്ടയം, 2007.
16. വിശ്വസാഹിത്യദർശനങ്ങൾ, നെല്ലിക്കൽമുരളീധരൻ, ഡി.സി.ബുക്സ്, 2008.
17. ദറിദ – അപനിർമ്മാണത്തിന്റെതത്ത്വചിന്തകൻ, പി.കെ.പോക്കർ, കേരളഭാഷാ ഇൻസ്റ്റിറ്റൂട്ട്, 2000.
18. സൊസ്സ്യൂർ – ഘടനാവാദത്തിന്റെ ആചാര്യൻ, ഡോ.സി.രാജേന്ദ്രൻ, കേരളഭാഷാ ഇൻസ്റ്റിറ്റൂട്ട്, 2001.
19. The Second Sex, Semon de Beauvoir, RHUK,2010
20. Sexual Politics, Kate Millett,Columbia University press,2016
21. Julia Kristeva and Feminist Thought, Birgit Schippers, Edinburg University

Press,2011
22. A room of One's Own, Virginia Woolf, Penguin UK, 2002
23. Feminism and Psycho Analysis, Jane Gallop, Palgrave Macmillan,1982
24. A critique of post colonial reason : Toward a History of the vanishing present, Gayatri Chakravorty Spivak, Oxford University Press, 2014
25. Structuralistic Poetics, Jonathan Culler, Routledge, 2002
26. Literary Theory : An Introduction,Terry Eagleton,Wiley India Pvt Ltd., 2008
27. Structural Anthropology,Claude Levi Strauss,Basic Books,1974
28. Course in General Linguistics, Ferdinand de Saussure, Open Court Publishing Co., 1998
29. Response to poetry, G.Balamohan Thampi, Foundation Books, 2007
30. Postcolonial Theory, A Critical Introduction, Leela Gandhi, Oxford University Press,1998

**Progrmme : M.Phil.**

**Semester : I**

**Course Code : MAL – 713**

**CourseTitle : താരതമ്യസാഹിത്യസിദ്ധാന്തം**

**Credits : 4**

**പഠനലക്ഷ്യം (Aim of the Course) :**

സാഹിത്യവിജ്ഞാനത്തിലും സംസ്കാരപഠനത്തിലും അർഥവത്തായ ചലനങ്ങൾ സൃഷ്ടിച്ച സാഹിത്യപഠനപദ്ധതിയാണ് താരതമ്യസാഹിത്യം. സാഹിത്യപഠനത്തെ ഇത്തിരിവട്ടങ്ങളിൽ നിന്ന് വിശ്വവിശാലതയിലേയ്ക്ക് നയിച്ച ഈ സിദ്ധാന്തം പരിചയപ്പെടുത്തുകയും അതോടൊപ്പം അവയുടെ പ്രയോഗരീതികൾ അഭ്യസിപ്പിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

**പഠനവസ്തുതകൾ (Objectives) :**

ലോകമെങ്ങുമുള്ള മനുഷ്യന്റെ മൗലികമായ സമാനതകളും ദേശീയത്തനിമകളും നിർധാരണംചെയ്യാൻ താരതമ്യസാഹിത്യം ശ്രമിക്കുന്നു. കാലം, ദേശം, ഭാഷ എന്നിവയ്ക്കെല്ലാംഅതീതമായി മനുഷ്യവർഗ്ഗം പ്രകടിപ്പിക്കുന്ന മൗലികമായ സമാനതകൾ ഏറെ ശ്രദ്ധേയമാണ്. ഇതിൽ കേന്ദ്രീകരിക്കുമ്പോൾത്തന്നെ സൗന്ദര്യശാസ്ത്രസംബന്ധിയായ മാർഗ്ഗങ്ങളിലൂടെയും താരതമ്യസാഹിത്യം നീങ്ങുന്നു ്. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാമുള്ള സമഗ്രമായ ധാരണസ്വരൂപിക്കുവാൻ ഈ പഠനം സഹായകമാണ് താരതമ്യസാഹിത്യത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളുടെ നേർക്ക് ഉയർന്ന വിമർശനങ്ങളെ പരിശോധിക്കുക, താരതമ്യസാഹിത്യത്തിന്റെ സമകാലപ്രസക്തി വിലയിരുത്തുക എന്നിവയും ഈ പഠനത്തിന്റെ ഭാഗമാണ്. സാഹിത്യകൃതികളും സാഹിത്യചരിത്രങ്ങളും പ്രസ്ഥാനങ്ങളും പ്രമേയങ്ങളുമെല്ലാം വെച്ചുകൊ ് പ്രായോഗികപഠനം നിർവഹിക്കുകയും വേണം.

**മൊഡ്യൂൾ–1.**

താരതമ്യസാഹിത്യം–സാമാന്യനിരീക്ഷണങ്ങൾ- നിർവചനങ്ങൾ- ചരിത്രം. സാംസ്കാരിക പഠനം എന്ന നിലയിലുള്ള പ്രസക്തി- താരതമ്യസാഹിത്യവും താരതമ്യവിമർശനവും. വിശ്വസാഹിത്യം-സാമാന്യസാഹിത്യം- ദേശീയസാഹിത്യം എന്നീ പരികല്പനങ്ങൾ, താരതമ്യ സാഹിത്യത്തിന്റെ മാനദണ്ഡങ്ങൾ – ദേശം, ഭാഷ. താരതമ്യത്തിന്റെ തലങ്ങൾ – പ്രമേയപഠനം – രൂപപഠനം – പ്രസ്ഥാനപഠനം – സ്വാധീനതാപഠനം. സാഹിത്യങ്ങളുടെ പരസ്പര വ്യാപനം, സ്വാധീനം– (പ്രമേയപരവും രുപപരവും പ്രസ്ഥാനപരവുമായ സ്വാധീനങ്ങൾ) മുതലായവ ഉൾപ്പെടുന്ന സുപ്രധാന താരതമ്യ മേഖല യാണ് സ്വാധീനതാപഠനം (Influence Studies).

**മൊഡ്യൂൾ–2**

സ്വാധീനതാപഠനം –വ്യാപ്തിയും പരിമിതിയും –പ്രത്യക്ഷ സ്വാധീനത, പരോക്ഷ സ്വാധീനത, നിഷേധ സ്വാധീനത (Nagative Influence) സമാന്തരത – അനുകരണങ്ങൾ (imitations) സ്വീകരണം (reception) അനുകല്പനം/അനുവാദനം (adaptation),താരതമ്യസാഹിത്യം ഇന്ത്യൻസാഹചര്യത്തിൽ– പ്രാദേശികസാഹിത്യങ്ങളുടെ താരതമ്യം- പ്രത്യേകത, സാദ്ധ്യതകൾ, പരിമിതികൾ, താരതമ്യപഠനങ്ങൾ മലയാളത്തിൽ , സാഹിത്യചരിത്രങ്ങൾ, വിമർശനം എന്നിവ യുടെ പങ്ക്.

**മൊഡ്യൂൾ–3.**

താരതമ്യപഠനത്തിൽ വിവർത്തനത്തിനുള്ള പ്രസക്തി - വിവർത്തനത്തിലെ പ്രശ്നങ്ങൾ - മൂലപാഠവും വിവർത്തിതപാഠവും, വിജ്ഞാനശാഖകൾ – സാഹിത്യവും സാമൂഹിക ശാസ്ത്രവും- സാഹിത്യവും മനശാസ്ത്രവും, അന്തർവിദ്യാപഠനം. താരതമ്യസാഹിത്യം പ്രയോഗമണ്ഡലങ്ങൾ –സാഹിത്യവും ചിത്രകലയും, സാഹിത്യവും നരവംശശാസ്ത്രവും, സാഹിത്യവും ഭാഷാശാസ്ത്രവും, സാഹിത്യവും സംഗീതവും, സാഹിത്യവും സിനിമയും, സാഹിത്യവും നാടകകലയും

**മൊഡ്യൂൾ–4.**

പ്രായോഗികപഠനം

1) ചോമന്റെതുടി - ശിവരാമകാരന്ത്

2) നെല്ല് - പി. വത്സല

**മൊഡ്യൂൾ–5.**

a. ന്റുപ്പുപ്പാക്കൊരാനേ ൻ്റന്ന് - വൈക്കം മുഹമ്മദ് ബഷീർ

b. 'My Gran dad 'ad an elephant' - R.E.Asher

c. മൂന്നു സൂര്യൻ (ഇംഗ്ലീഷ് വിവർത്തനം) : ആഫ്രിക്കൻകവി- ബിറാഗോ ഡിയോപ്

d. അഞ്ചു സൂര്യൻ (മലയാളകവിത) - സച്ചിദാനന്ദൻ.

**സഹായകഗ്രന്ഥങ്ങൾ**

1. താരതമ്യസാഹിത്യപരിചയം – ചാത്താനത്ത് അച്യുതനുണ്ണി (എഡി.)
2. താരതമ്യ സാഹിത്യപീഠിക : കംപാരറ്റീവ് ലിറ്ററേച്ചർ സൊസൈറ്റി.
3. താരതമ്യസാഹിത്യപഠനം : കംപാരറ്റീവ് ലിറ്ററേച്ചർ സൊസൈറ്റി.
4. താരതമ്യസാഹിത്യം : തത്ത്വവും പ്രയോഗവും – പി.ഒ.പുരുഷോത്തമൻ
5. Comparative Literature : Matter and Method - A..O.Wen Alridge (Ed)
6. Comparative Literature : A Critical Introduction – Susan Bassnett
7. Comparative Literature Studies - S.S.Prawer

**Progrmme : M.Phil.**

**Semester : II**

**Course Code : MAL – 721**

**CourseTitle : പ്രബന്ധം (Dissertation)**

**Credits : 20**

**പഠനലക്ഷ്യം (Aim of the Course) :**

ഗവേഷണപ്രബന്ധരചനയുടെ അടിസ്ഥാനതത്ത്വങ്ങൾ മനസ്സിലാക്കി രീതിശാസ്ത്രഭദ്രതയുള്ള പ്രബന്ധം രചിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം

**പഠനവസ്തുതകൾ (Objectives) :**

1. മാനവികവിഷയങ്ങളിൽ പൊതുവെയും ഭാഷയിലും സാഹിത്യത്തിലും സവിശേഷമായും നടക്കുന്ന ഗവേഷണങ്ങളുടെ ലക്ഷ്യവും വസ്തുതകളും മനസ്സിലാക്കുക.

2. സാഹിത്യം, ഭാഷ, സംസ്കാരം തുടങ്ങിയ മേഖലകളിലെ പുതിയ സമീപനരീതികൾ മനസ്സിലാക്കി ഗവേഷണവിഷയം കെ ത്തുക.

3. പഠനവിഷയത്തിന്റെ ലക്ഷ്യം, പ്രസക്തി, പരമിതികൾ തുടങ്ങിയവ തിരിച്ചറിയുക.

4. ഗവേഷണത്തിനാവശ്യമായ ഉപാദാനസാമഗ്രികളുടെ ശേഖരണം, ക്രോഡീകരണം, നിഗമനം എന്നീ പ്രക്രിയകൾ മനസ്സിലാക്കുക.

5. ഗവേഷണരീതിശാസ്ത്രമനുസരിച്ച്, പ്ലേജിയറിസമൊഴിവാക്കി കൃത്യമായ ഉദ്ധരണികളും സൂചനകളും ചേർത്ത് പ്രബന്ധം എഴുതാനുള്ള കഴിവ് നേടുക.

6. പ്രബന്ധം പൊതുസദസ്സിൽ അവതരിപ്പിക്കുന്നതിനുവേ ആത്മവിശ്വാസം രൂപപ്പെടുത്തുക.